ചന്ദ്രിക
വാരാന്തപ്പതിപ്പ്
13 FEBRUARY 2011

ഗോത്രസ്മൃതികളുമായി 'മിഷിംഗുകൾ'

ഇക്കഴിഞ്ഞ ജനുവരി 21, 22 തീയതികളിൽ ആസാമിലെ ചൈനാ അതിർത്തി പ്രദേശമായ ദമാജിയിൽ ആദിവാസി, വംശീയ വിഭാഗങ്ങളെക്കുറിച്ച് നടന്ന മൂന്നാം അന്താരാഷ്ട്ര സമ്മേളനത്തിൽ ഗസ്റ്റ് ഓഫ് ഓണർ ആയി ലേഖകൻ പങ്കെടുക്കുകയുണ്ടായി.

ഡോ. അസീസ് തരുവണ

ഇന്ത്യയിലെയും തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലെയും വംശീയ, ഗോത്രവർഗ്ഗ, ആദിമ ജനതയുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് വേണ്ടി സെന്റർ ഫോർ ട്രൈബൽ ആന്റ് നോർത്ത് ഈസ്റ്റ് ഇന്ത്യാ സ്റ്റഡീസ് സംഘടിപ്പിച്ച മൂന്നാം അന്താരാഷ്ട്ര സമ്മേളനത്തിൽ ഗസ്റ്റ് ഓഫ് ഓണർ ആയി ക്ഷണിച്ചുകൊണ്ട് സമ്മേളനത്തിന്റെ ഡയറക്ടറും പണ്ഡിതനുമായ പുഷ്പാ ഗോഗോയ് ഫോൺ ചെയ്തപ്പോൾ ഒരു വാഗ്ദാനം നൽകിയിരുന്നു. "ആസാമിലേക്ക് വരികയാണെങ്കിൽ അവിടുത്തെ ഗോത്രവർഗ്ഗ മേഖലകളിലേക്കും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്കും കൊണ്ടുപോകാമെന്ന്." സത്യത്തിൽ, അന്താരാഷ്ട്ര സമ്മേളനത്തിൽ പ്രസംഗിക്കുന്നതിനേക്കാളും ബുദ്ധിജീവി ചർച്ചകളെക്കാളും വലിയ പ്രലോഭനമായിരുന്നു അത്.

കഴിഞ്ഞ രണ്ടുവർഷങ്ങളിലും ഇതേതരം സമ്മേളനങ്ങൾ നടന്നിട്ടുണ്ട്. ആസാമിന്റെ തലസ്ഥാന നഗരിയായ ഗോഹട്ടിയിൽ വെച്ചായിരുന്നു കഴിഞ്ഞ വർഷത്തെ സമ്മേളനം. ഇത്തവണ ആദിവാസി ഭൂരിപക്ഷ ജില്ലയായ, ചൈനാ അതിർത്തിയോടു ചേർന്ന ആസാമിലെ ദമാജി ജില്ലയിൽ വെച്ചും. ആസാമി ഭാഷയിലെ പ്രശസ്ത എഴുത്തുകാരനും ഗവേഷകനും സമ്മേളന ഡയറക്ടറുമായ പുഷ്പാ ഗോഗോയിയുടെ വീട് ദമാജിയിലാണ്.

രണ്ടാം ദിവസം രാവിലെയായിരുന്നു മിഷിംഗ് മേഖലയിലേക്കുള്ള യാത്ര. കൂടെ ഗവേഷകരായ സജിനേഷും നബജ്യോതി ഗൊഗോയിയും. ദമാജി ടൗണിൽ നിന്ന് മൂന്ന് മൈൽ അകലെയുള്ള കാമാർചും ഗ്രാമത്തിലാണ് മിഷിംഗുകളുടെ ഒരു പ്രധാന സെറ്റിൽമെന്റുള്ളത്. ആസാമിലെ തിൻസുകിയ ജില്ലക്കാരനായ ഹേമ, കാമാർചുകിൽ പല തവണ വന്നിട്ടുണ്ട്. അദ്ദേഹത്തിന് ഇവിടെ ഒട്ടേറെ സുഹൃത്തുക്കൾ ഉണ്ട്. ആസാമിലെയും ഉത്തര-പൂർവ്വ സംസ്ഥാനങ്ങളിലെയും ആദിവാസികളെപ്പറ്റി നല്ല ധാരണയുള്ള വ്യക്തിയാണ് ഹേമ. 90-കളുടെ ആരംഭത്തിൽ ഒരു തവണ കേരളം സന്ദർശിച്ചിട്ടുണ്ട്. കവി സച്ചിദാനന്ദനുമായി വ്യക്തിബന്ധമുണ്ട്. യേശുദാസിനോട് കടുത്ത ആരാധനയാണ്. എന്നാൽ രസകരമായ വസ്തുത, ഓർമ്മയിൽ തങ്ങിനിൽക്കുന്ന, ഇഷ്ടഗാനം "ഇഷ്ടമല്ലെടാ" എന്ന സിനിമാഗാനമാണ്. പാടിയത് യേശുദാസ് അല്ലെങ്കിലും!

ദമാജിയിൽ നിന്ന് കാമാർചുകിലേക്കുള്ള പാത കാലങ്ങൾക്ക് പിന്നിലേക്കുള്ള സഞ്ചാരമാർഗ്ഗം പോലെയാണ്. നാഗരിക ചിഹ്നങ്ങളിൽ നിന്ന് പ്രാചീനമായ ഗ്രാമീണ വിശുദ്ധിയിലേക്കുള്ള വഴിയാണത്. പൊതുവെ ശാന്തവും വിജനവുമായിരുന്നു റോഡ്. വല്ലപ്പോഴും കടന്നുപോകുന്ന സൈക്കിൾ സവാരിക്കാർ മാത്രം. റോഡിനിരുപുറവും വയനാടൻ കാഴ്ചകൾ പോലെ ഇടതൂർന്ന വൃക്ഷങ്ങൾ. പാതയ്ക്ക് ഇരുവശവും മുളകൊണ്ടു കെട്ടിയ വേലി. വൈക്കോൽ മേഞ്ഞ ഏതാനും ചെറുകടകൾ ഉള്ള ഗ്രാമമാണ് കാമാർചും.

മിഷിംഗുകൾക്കൊപ്പം ലേഖകൻ (വലത്തുനിന്ന് രണ്ടാമത്)

കാർ, ഒരു വളവു തിരിഞ്ഞപ്പോൾ ഹേമ നിർത്തുവാൻ ആവശ്യപ്പെട്ടു. മിഷിംഗ് വിഭാഗത്തിൽപ്പെട്ട വിദ്യാസമ്പന്നനും സാമാന്യം സാമ്പത്തിക ശേഷിയുമുള്ള പുലേന്ദ്ര നാരയുടെ വീട് ഇവിടെയാണ്. ഹേമയുടെ സുഹൃത്തുകൂടിയാണ് നാര. ആസാമി, മിഷിംഗ് ഭാഷകൾക്ക് പുറമെ സാമാന്യം ഹിന്ദിയും ഇംഗ്ലീഷും വശമുണ്ട് നാരയ്ക്ക്. അറുപത് വയസ്സ് പിന്നിട്ട അദ്ദേഹം മകനെയും ഭാര്യയെയും വിളിച്ചു പരിചയപ്പെടുത്തി. മിഷിംഗുകളുടെ ഭൂത, വർത്തമാനാവസ്ഥകളെപ്പറ്റി അദ്ദേഹം ഒട്ടേറെ കാര്യങ്ങൾ പറഞ്ഞുതന്നു.

ടിബറ്റോ-ബർമ്മൻ വംശീയ വിഭാഗത്തിൽപ്പെട്ട മിഷിംഗുകൾ ആസാമിനു പുറമെ അരുണാചൽ പ്രദേശിലുമുണ്ട്. ആസാമിൽ മാത്രം 8,67,310 ആണ് ഇവരുടെ ജനസംഖ്യ. ആസാമിലെ മൊത്തം ജനസംഖ്യയുടെ 17.8 ശതമാനം മിഷിംഗുകളാണ്. കേരളത്തിലെ മൊത്തം ആദിവാസി ജനസംഖ്യയെക്കാൾ അധികമാണ് മിഷിംഗുകളുടെ അംഗസംഖ്യ. തായ്-അഹോം, ടീ ട്രൈബൽസ്, കോൻയാക്, ലലിയാങ്, ദ്യോരി, മൊറാക്, തായ് ഫക്കെ, കർബി, ബോഡോ തുടങ്ങി ഒട്ടേറെ ആദിവാസി വിഭാഗങ്ങൾ ആസാമിലുണ്ട്.

സ്വന്തമായ വിശ്വാസാചാരങ്ങളും ആഘോഷങ്ങളുമുള്ളവരാണവർ. സെദിമെയെയും മെലോ നാമെയുമാണ് ഇവരുടെ പ്രധാന ദേവീദേവന്മാർ. അടുത്ത കാലത്തായി ക്രൈസ്തവ, ഹിന്ദുത്വവൽക്കരണങ്ങളുടെ ഇരകളാണിവർ. തങ്ങളുടെ പാരമ്പര്യ വിശ്വാസങ്ങൾക്ക് മേലുള്ള കടന്നുകയറ്റമായി മിഷിംഗുകൾ ഇതിനെ കാണുന്നു. മിഷിംഗ് ഗവേഷകനായ നോർത്ത് ലഖിംപൂർ കോളജിലെ അസിസ്റ്റന്റ് പ്രൊഫസർ ജെലിനായ് പെകു അന്താരാഷ്ട്ര സമ്മേളനത്തിൽ ഇത് വിഷയകമായി പ്രധാനമായ പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി.

പാരമ്പര്യമായ ഭാഷയാണ് മിഷിംഗുകളുടേത്. ലിപിയും വാമൊഴി സാഹിത്യരൂപങ്ങളും അവർക്കിടയിൽ ആഴത്തിൽ വേരൂന്നിയിട്ടുണ്ട്. ഇന്ത്യയിലെങ്ങുമുള്ള ആദിവാസി ഭാഷകൾ നേരിടുന്ന പ്രതിസന്ധി [illegible] ആസാമി ഭാഷകളുടെ കടന്നുകയറ്റം നേരിടുന്നതെങ്കിൽ മിഷിംഗ് ഭാഷ [illegible] ആദിവാസി ഭാഷകൾ നേരിടുന്നത് പ്രാദേശിക പ്രബല ഭാഷകളുടെ കടന്നുകയറ്റമാണ്.

പുലേന്ദ്ര നാരയുടെ വീട്ടിൽ നിന്ന് ഞങ്ങൾ തൊട്ടടുത്തുള്ള മിഷിംഗ് സെറ്റിൽമെന്റിലേക്ക് പുറപ്പെട്ടു. കാമാർചും കവലയ്ക്ക് തൊട്ടടുത്താണ് നൂറോളം മിഷിംഗ് കുടുംബങ്ങൾ താമസിക്കുന്ന സെറ്റിൽമെന്റ്. ഇവയിൽ അധികവും സർക്കാർ നിർമ്മിച്ചു നൽകിയവയാണ്. മിഷിംഗുകളുടെ പാരമ്പര്യ വീടുകളുടെ മാതൃകയിലുള്ളവയാണ് സർക്കാർ നിർമ്മിത വീടുകൾ. താൻ വയനാട്ടിലെ

ശേഷം പേജ് 2

ഗോത്രസ്മൃതി... 1-ാം പേജിലെ ബാക്കി

ആദിവാസി കോളനികളിലെ സർക്കാർ നിർമ്മിത വീടുകളുടെ അവസ്ഥ ഓർത്തു. അവരുടെ പാരമ്പര്യ വീടുസങ്കൽപത്തിൽ നിന്നുള്ള പറിച്ചു നടലാണല്ലോ അവ. മിഷിംഗുകളുടെ വീടുകൾ പഴയകാലത്ത് ആടുകളെ താമസിപ്പിക്കുന്നതിന് വേണ്ടി കെട്ടുന്ന ആല പോലെ തോന്നിപ്പിച്ചു. ഭൂമിയിൽ നിന്ന് ഉയർന്നു നിൽക്കുന്ന ഈ വീടുകളുടെ ചുവർ മുളകൊണ്ട് നിർമ്മിച്ചതാണ്. അകത്തു കയറി നോക്കിയപ്പോൾ നിലവും മുളകൊണ്ട് മെടഞ്ഞതാണെന്ന് കണ്ടു. പൊതുവെ നല്ല വൃത്തിയുള്ളതാണ് അകവും പുറവും. കോളനിയുടെ നടുവിൽ പ്രൈമറി സ്കൂൾ പ്രവർത്തിക്കുന്നു. അതിനാൽ നിരക്ഷരത അവർക്കിടയിൽ ഇല്ലെന്ന് ഹേമ പറഞ്ഞു.

കുടിലിനോട് ചേർന്ന് കെട്ടിയൊരുക്കിയ തൊഴുത്തുകളിൽ സ്ത്രീകൾ കാർപ്പറ്റുകൾ നിർമ്മിക്കുന്നതായി കണ്ടു. വീടുകളിൽ വെച്ച് ഷാൾ, തണുപ്പിന് ധരിക്കുന്ന സ്വെറ്റർ എന്നിവ നിർമ്മിക്കുന്ന മിഷിംഗ് വനിതകൾ അവയുടെ നിർമ്മാണത്തെക്കുറിച്ചും വിപണന സാധ്യതകളെക്കുറിച്ചും പറഞ്ഞുതന്നു. വിദ്യാസമ്പന്നരാണ് മിഷിംഗ് വനിതകൾ.

വീടുകളുടെ അകത്തേക്ക് ഞങ്ങളെ ക്ഷണിക്കുന്നത് കണ്ടപ്പോൾ, ഹേമ ഗൊഗോയ് മിഷിംഗുകളുടെ അതിഥി സൽക്കാരപ്രിയത്തെക്കുറിച്ചും അവർ നെല്ലിൽ നിന്ന് ഉൽപാദിപ്പിക്കുന്ന 'അപോങ്' എന്ന പാനീയത്തെക്കുറിച്ചും പറഞ്ഞു. കേരളത്തിൽ ഏതാദിവാസി വിഭാഗവും അന്യരെ വീടുകൾക്കുള്ളിൽ വിളിച്ചുകയറ്റി സൽക്കരിക്കുന്നതായി അറിവില്ല.

മിഷിംഗുകൾക്ക് തനതായ ഗാനരൂപങ്ങളും നൃത്തരൂപങ്ങളുമുണ്ട്. അബാങ്, കബാൻ, ടൈബുടൈക്കാൺ, സിലുങ് നിത്തോം, ബിനി, മിരാങ് നിത്തോം, സെല്ലോയ്, ലോറലി എന്നിങ്ങനെയാണ് അവരുടെ ഗാനശാഖകൾ അറിയപ്പെടുന്നത്. അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഉദ്ഘാടന വേളയിൽ, മിഷിംഗ് സ്ത്രീകൾ അവതരിപ്പിച്ച നൃത്തരൂപം കേരളത്തിലെ പണിയരുടെ വട്ടക്കളിയോട് ഏറെ സാമ്യം തോന്നി.

മിഷിംഗ് കോളനി സന്ദർശന വേളയിൽ കോളനിക്ക് നടുവിൽ സ്ഥിതിചെയ്യുന്ന പ്രൈമറി സ്കൂളിലെ അധ്യാപകർ ഞങ്ങളെ പരിചയപ്പെടുവാൻ വന്നു. കേരളം അവരെ സംബന്ധിച്ചേടത്തോളം വിദൂരമായ ദേശമാണ്. ദക്ഷിണേന്ത്യ സന്ദർശിച്ചവർ പോലും അവർക്കിടയിൽ ഇല്ലായിരുന്നു. കോളനിവാസികളിൽ ഒരുപട ഞങ്ങൾക്ക് പിന്നാലെ വരികയും അവരുടെ ഓരോരോ കാര്യങ്ങളും വിവരിച്ചു തരികയും ചെയ്തു. ഒടുവിൽ കാറിലേക്ക് കയറുമ്പോൾ യാത്രയയക്കാൻ മിഷിംഗ് സ്ത്രീ-പുരുഷന്മാരുടെ ഒരാൾക്കൂട്ടം തന്നെ എത്തിയിരുന്നു.

മിഷിംഗ് സ്ത്രീകൾ അവതരിപ്പിച്ച നൃത്തം